**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3534** **27-06-2024 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യതയ്ക്കായി സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമായി ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ ശിപാർശകൾ കണക്കിലെടുത്ത് വാർഡ് തല - പഞ്ചായത്ത് തല ജൈവ ഉൽപ്പാദന പ്ലാനുകൾ തയ്യാറാക്കിയാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. (കർഷകരുടേയും കൃഷിയിടങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ) സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി പോഷക സമൃദ്ധി മിഷനുമായി സംയോജിപ്പിച്ചു കൊണ്ട് പോഷക പ്രാധാന്യമുള്ള പച്ചക്കറികൾ, ചെറുധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, പഴ വർഗ്ഗങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (ബി) | ജൈവ കൃഷിയോടൊപ്പം പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ കൂടി അവലംബിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജൈവ കൃഷിയോടൊപ്പം പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ കൂടി അവലംബിക്കുന്നതിന് കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം പദ്ധതി) 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർച്ചയായ മൂന്ന് വർഷങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ മീറ്റിങ്ങുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടി, കിസാൻ മേളകൾ, ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകൽ പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനു ഫാർമർ ഇൻടറസ്റ്റ് ഗ്രൂപ്പുകൾക്ക് (FIG) ആനുകൂല്യം, തദ്ദേശിയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃക കൃഷി തോട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. ബ്ലോക്ക് തലത്തിൽ 500 ഹെക്ടർ വിസ്തൃതിയുള്ള ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതവും ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു.നിലവിൽ രണ്ടാം വർഷത്തെ പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | കർഷകർക്കും കാർഷിക കൂട്ടായ്മകൾക്കും അവർ ജൈവകൃഷി നടത്തി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ; | (സി) | കർഷകർക്കും കാർഷിക കൂട്ടായ്മകൾക്കും ജൈവകൃഷി നടത്തി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിന് താഴെ പറയും പ്രകാരം ജൈവ സാക്ഷ്യപ്പെടുത്തൽ പ്രോഗ്രാമുകൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു<br><br>i) 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവഉല്പന്നങ്ങളുടെ കയറ്റുമതിയ്ക്ക് തേർഡ് പാർട്ടി സാക്ഷ്യപ്പെടുത്തൽ NPOP (നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ) സർട്ടിഫിക്കേഷൻ സംസ്ഥാനത്ത് ആരംഭിച്ചു. ജൈവ ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം, സംസ്കരണം, സംഭരണം, കയറ്റുമതി എന്നിവ ഒരു സ്വതന്ത്ര ബോഡി അവലോകനം ചെയ്യുന്ന സംവിധാനമാണ് തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ. ആയതിനു 200ലക്ഷം രൂപ വകയിരുത്തുകയും 650 കൃഷിയിടങ്ങൾക്ക് NPOP സാക്ഷ്യപത്രം മൂന്ന് വർഷം കൊണ്ട് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി APEDA അംഗീകരിച്ചിട്ടുള്ള രണ്ടു അംഗീകൃത സർട്ടിഫിക്കേഷൻ ഏജൻസികളായLACON, INDOCERTഎന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ii) കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ ചെറുകിട, നാമമാത്ര കൃഷിക്കാർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് സാക്ഷ്യപത്രം എളുപ്പത്തിൽ ലഭിക്കുന്നതിനുവേണ്ടി പാർട്ടിസിപ്പേറ്ററി ഗ്യാരന്റീ സിസ്റ്റം - ഇന്ത്യ (PGS - INDIA) സർട്ടിഫിക്കേഷനും നടത്തി വരുന്നു. കൃഷി വകുപ്പിനു കീഴിലുള്ള 'സമേതി' യെ പി.ജി.എസ് സർട്ടിഫിക്കേഷനുള്ള റീജിയണൽ കൗൺസിൽ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ BPKP പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് PGS ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് വേണ്ടി റീജണൽ കൗൺസിൽ ആയി അംഗീകരിച്ചിട്ടുള്ള SAMETI, സർട്ടിഫിക്കേഷന്റെ ഭാഗമായ ഫീൽഡ് തല പ്രവർത്തനങ്ങൾ LACON , THANAL എന്നീ രജിസ്റ്റേർഡ് റീജണൽ കൗൺസിലുമായി MoU പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ഏജൻസികൾ SAMETI യുടെ മേൽനോട്ടത്തിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതുമാണ്. PGS സാക്ഷ്യപത്രം ആദ്യ വർഷം തന്നെ (അതായത് പരിവർത്തന കാലയളവിൽ) PGS -Organic Green സാക്ഷ്യപത്രം കർഷകർക്ക് ലഭിക്കുകയും ഇതിലൂടെ ജൈവ ഉത്പന്നങ്ങൾക്ക് ഉയർന്ന മൂല്യം വിപണിയിൽ ലഭ്യമാകുകയും ചെയ്യുന്നു.<br><br>ഈ രണ്ട് സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളും തികച്ചും സൗജന്യമായാണ് കർഷകർക്ക് നൽകുന്നത്. |
| (ഡി) | ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും മികച്ച വില ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ജൈവ ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിൽ അനുവർത്തിക്കേണ്ട ഗുണമേന്മകളെക്കുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തങ്ങൾ, ജൈവ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുവാനുള്ള വിപണി ഇടപെടലുകൾ, ജൈവ ഉല്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികളിൽ പിന്തുണ, ഉല്പന്നങ്ങളുടെ കയറ്റുമതിക്കുള്ള പിന്തുണ തുടങ്ങിയവ ജൈവ കാർഷിക മിഷന്റെ നടത്തിപ്പിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ